بسم الله الرحمن الرحيم

# FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ 31/07/2015

## (14 SHAWWAL 1436 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനും തശഹ്ഹുദ്, തഅവ്വുദ്, സൂറ അൽഫാത്തിഹ ഓതിയശേഷം ഹസ്രത് മുഹ്യിദ്ദീൻ ഖലീഫ ത്തുല്ലാഹ് പറഞ്ഞു.

## RIGHTEOUSNESS & SUBMISSION TO ALLAH / ഭക്തിയും അല്ലാഹുവിന് കീഴടങ്ങലും

ആരാണ് ഒരു മുഅ്മിൻ ? എങ്ങനെ ഒരാൾക്ക് ഒരു നല്ല മുസ്ലീമായിത്തീരാം? ഖുർ ആനിലെ വിവിധ വചനങ്ങളിലൂടെ അല്ലാഹു (ത) ഈ ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ നൽകിയിട്ടുണ്ട്. വിശുദ്ധ റസൂൽ (സ) യുടെ വചനങ്ങളിലും ഇതിനുള്ള ഉത്തരങ്ങൾ നൽകിയിരിക്കുന്നു. വിശുദ്ധ ഖുർആനിൽ അല്ലാഹു (ത) പറയുന്നു. **“ നിങ്ങളുടെ മുഖങ്ങൾ കിഴക്കും പടിഞ്ഞാറും തിരിക്കുന്നത് പുണ്യമൊന്നുമല്ല. എന്നാൽ, അല്ലാഹുവിലും അന്ത്യനാളിലും മലക്കുകളിലും (അല്ലാഹുവിന്റെ) ഗ്രന്ഥത്തിലും പ്രവാചകന്മാരിലും വിശ്വസിക്കുകയും അവ നോടുള്ള സ്നേഹം നിമിത്തം അടുത്ത ബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും വഴിയാത്രക്കാരനും (ധനസഹായം)ആവശ്യപ്പെടുന്നവർക്കും അടിമകളെ മോചിപ്പിക്കുന്നതിനും ധനം നൽകുകയും, നമസ്ക്കാരം നിലനിർത്തുകയും “സക്കാത്ത് കൊടുക്കുകയും കരാർ ചെയ്താൽ തങ്ങളുടെ കരാർ പാലിക്കുകയും കഷ്ട പ്പാടിലും ദുരിതാവസ്ഥയിലും സഹനം കൈക്കൊള്ളുകയും യുദ്ധാവസരത്തിൽ സ്ഥിരപാദരായി വർത്തിക്കു കയും ചെയ്യുന്നവരത്രെ സാക്ഷാൽ പുണ്യവാന്മാർ; അവർ സത്യം പാലിച്ചവരാണ്; അവർ തന്നെയാണ് (യഥാർത്ഥ) ഭക്തൻമാർ!” (2:178)**

ഭക്തി ഹൃദയത്തിൽ നിന്നും വരേണ്ടതാണ്. ഭൂമിയിൽ തന്റെ ആൺ പെൺ ദാസർക്ക് വേണ്ടി സ്ഥാപി ച്ചിട്ടുള്ള അല്ലാഹു (ത) യുടെ എല്ലാ കൽപ്പനകളും അനുസരിക്കുകയും ഹൃദയ വിശുദ്ധിയിലൂടെ പ്രകടമാ ക്കുകയും ചെയ്യുന്നതിനാണ് തഖ്‌വ അഥവാ ഭക്തി എന്നു പറയുന്നത്. അവർ പുരുഷനാകട്ടെ സ്ത്രീയാ കട്ടെ, യുവാവാകട്ടെ വൃദ്ധനാകട്ടെ, എല്ലാവർക്കും അല്ലാഹുവിനോട് ഉത്തരവാദിത്വമുണ്ട്. ഈ ഉത്തരവാദി ത്വങ്ങൾ അവർ നിറവേറ്റണം. അപ്പോൾ അവർ അല്ലാഹു (ത) യുടെ യഥാർത്ഥ ദാസരായി തീരുന്നതാണ്.

വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞു. **“വിശ്വാസിയുടെ അവസ്ഥ എത്ര അത്ഭുതകരമാണ് ? അവന്റെ എല്ലാ കാര്യങ്ങളും നല്ലത് തന്നെയാണ്. അവന് എന്തെങ്കിലും നല്ലത് സംഭവിച്ചാൽ, അവൻ അതിന് നന്ദി രേഖപ്പെടുത്തുന്നു; അതവന് നല്ലത് തന്നെ ! ഇനി അവന് എന്തെങ്കിലും മോശമായത് സംഭവിച്ചാൽ, അത വൻ ക്ഷമയോടെ നേരിടുന്നു; അതും അവന് നല്ലത് തന്നെ. ഇത് വിശ്വാസിക്ക് മാത്രം പറ്റുന്ന കാര്യമാണ്; മറ്റാർക്കും ഇത് സാധ്യമല്ല.” (മുസ്ലീം)**

വിശ്വാസികളുടെ ഇനങ്ങളിൽ പല പദവികളിലുള്ളവരുണ്ട് എന്ന് ഓർക്കേണ്ടതാണ്. റസൂൽ കരീം (സ) പറഞ്ഞു. **“ഒരു ദുർബലനായ വിശ്വാസിയെക്കാൾ അല്ലാഹുവുമായി ഏറ്റവും നല്ല നിലയിൽ വർത്തിക്കു ന്നതും ഏറ്റവും അടുത്ത സ്നേഹത്തിൽ കഴിയുന്നതും ശക്തനായ വിശ്വാസിയായിരിക്കും.”**

ഒരു വിശ്വാസി അല്ലാഹുവിലും, അല്ലാഹു നിർദ്ദേശിച്ച കാര്യങ്ങളിലും, വിശ്വസിക്കുവോളം അവൻ ഒരു വിശ്വാസിയായി തുടരുമെന്നത് ഒരു വസ്തുതയാണെങ്കിലും, എല്ലാ വിശ്വാസികളും 100% അല്ലാഹു(ത) അവരോട് ആജ്ഞാപിച്ച കൽപനകൾ പ്രാവർത്തികമാക്കുന്നതിൽ വിജയിക്കുന്നില്ല. വിശ്വസിക്കുന്നതിനോടൊപ്പം അവരുടെ വിശ്വാസം, നഷ്ടപ്പെടുത്തുന്ന ചിലരുണ്ട്. അവർ നല്ല പ്രവർത്തികൾ ചെയ്യുകയാണെന്ന് ധരിക്കുന്നതിനോടൊപ്പം അല്ലാഹുവിന്റെ അതൃപ്തി അവരിലേക്ക് ആകർഷിക്കുന്ന പ്രവർത്തികളും ചെയ്യുന്നു എന്നു മനസ്സിലാക്കുന്നില്ല; മറ്റു ചിലരുണ്ട് അവർ നല്ല പ്രവർത്തികൾ ചെയ്യുന്നു. ഭാഗീകമായി അല്ലാഹുവിനും മറ്റു ഭാഗം ജനങ്ങളുടെ മുമ്പിൽ നല്ലവരാണെന്ന് കാണിക്കുവാനുള്ള നടന ശ്രമത്തിലുമായിരിക്കും! ഇത് ഒടുവിൽ അവരുടെ പ്രവർത്തനങ്ങളെ വ്യർത്ഥമാക്കുന്നു. നല്ല പ്രവർത്തി പൂർത്തീകരിക്കുവാനുള്ള ശ്രമത്തിൽ അവർ പ്രകടിപ്പിച്ച ദൗർബല്യമാണ് ഇതിന് കാരണം. ജനങ്ങളിൽ ചിലരുണ്ട്, അവൻ പറയുന്നു. അവൻ മുസ്ലീമാണെന്ന്. അവൻ പറയുന്നു. അവൻ അല്ലാഹുവിലും, അല്ലാഹു വിശ്വസിക്കുവാൻ പറഞ്ഞ എല്ലാ കാര്യങ്ങളിലും വിശ്വസിക്കുന്നുവെന്ന് ! (**അതായത് അല്ലാഹുവിൽ വിശ്വസിക്കുക, അല്ലാഹുവിന്റെ മലക്കുകളിൽ വിശ്വസിക്കുക, പ്രവാചകന്മാരിൽ വിശ്വസിക്കുക, ദൈവീക ഗ്രന്ഥങ്ങളിൽ വിശ്വസിക്കുക, വിധിനാളിൽ വിശ്വസിക്കുക, മരണാനന്തര രക്ഷാ ശിക്ഷകളിൽ വിശ്വസിക്കുക**) അല്ലാഹുവിന്റെ ഇംഗിതത്തിന് അവൻ തന്നെ പരിപൂർണ്ണമായി അല്ലാഹുവിന് അർപ്പണം ചെയ്യുന്നതുവരെ അവൻ ഇതിൽ വിജയിക്കുകയില്ല. അല്ലാഹുവിന്റെ നേരെ തനിക്ക് ഭക്തിയുണ്ട് എന്നുള്ള അവന്റെ പ്രഖ്യാപനം, നിഷ്കളങ്ക ഹൃദയത്തോടെ ഭക്തിപൂർവ്വം സമർപ്പിക്കാത്തിടത്തോളം കാലം, പ്രഖ്യാപനം വ്യർത്ഥമാണ്. പ്രവർത്തിയിൽ നിഴലിക്കാത്തിടത്തോളം അധര പ്രഖ്യാപനം വ്യർത്ഥമാണ്. പ്രവർത്തിയിലൂടെയാണ് തന്റെ ഇസ്ലാം സ്ഥാപിക്കേണ്ടത്. ചെയ്യാൻ കൽപ്പിച്ചതെല്ലാം ചെയ്തു കാണിക്കണം. പരമ പ്രധാനമായ കാര്യം പൊങ്ങച്ച പ്രകടനമായിരിക്കരുത് ! മറിച്ച് അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി മാത്രം! അവന്റെ തൃപ്തിയും കാരുണ്യവും അവൻ കൊയ്തെടുക്കണം.

ഖുർ ആനിലൂടെ അല്ലാഹു സ്ഥാപിച്ചിരിക്കുന്നു. തന്റെ മഹാനായ പ്രവാചകൻ മുഹമ്മദ് (സ) ലൂടെ കാണിച്ചു തന്നിരിക്കുന്നു. അല്ലാഹു (ത) യ്ക്ക് ഇഷ്ടപ്പെട്ട നിലയിൽ എങ്ങനെയാണ് പ്രാർത്ഥന നടത്തേണ്ടതെന്ന് ! പ്രാർത്ഥനയിലൂടെ സമർപ്പിക്കുന്ന അർത്ഥനകൾക്ക് എങ്ങനെയാണ് അവന് ഉത്തരം ലഭിക്കുന്നതെന്ന് ! പ്രാർത്ഥനയിലൂടെയും, പ്രാർത്ഥനകളുടെ സ്ഥാനങ്ങളിലൂടെയും അല്ലാഹു (ത) ഒരു കാര്യം സ്ഥാപിച്ചിരിക്കുകയാണ്. അതായത് അതിലൂടെ മനുഷ്യന്റെ നിസ്സഹായ അവസ്ഥയും തന്റെ സൃഷ്ടാവിന്റെ അധീശത്വവും വ്യക്തമാക്കിയിരിക്കുന്നു. അങ്ങനെ അവന് ബോധ്യമാവുന്നു. അതായത് അല്ലാഹു ഇല്ലായിരുന്നെങ്കിൽ താൻ ഈ ഭൂമിയിൽ ജനിക്കുകയില്ലായിരുന്നുവെന്ന് ! അല്ലാഹു (ത) മനുഷ്യനെ മണ്ണിൽ നിന്നും സൃഷ്ടിച്ചു. അവന് ജീവിക്കുവാനുള്ള സൗകര്യം പ്രദാനം ചെയ്തു. അതുകൊണ്ട് അവൻ ഓർത്തിരിക്കണം! ഒരു ദിവസം അവന് അല്ലാഹുവിലേക്ക് തന്നെ മടങ്ങി പോകേണ്ടതുണ്ടെന്ന് ! അവൻ സഞ്ചരിച്ചുകൊണ്ടിരിക്കുകയും പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഭൂമിയിൽ തന്നെ അവനെ അടക്കം ചെയ്യുകയും ചെയ്യുന്നതാണ്. ആയതിനാൽ ഭൂമിയിൽ ഒന്നുകിൽ നിങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അന്വേഷിക്കുക. അല്ലെങ്കിൽ വ്യർത്ഥമായ പ്രവർത്തനങ്ങളിൽ നിങ്ങളുടെ സമയം നഷ്ടപ്പെടുത്തുക. അല്ലാഹു (ത) ജനങ്ങൾക്ക് നൽകിയിരിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ച് വളരെയധികം ആളുകളും ചിന്തിക്കുന്നില്ലായെന്നത് ഒരു വസ്തുതയാണ്! അവരിൽ ഒട്ടും നന്ദി കാണിക്കാത്തവരും ഉണ്ട്. അവർ ഇഹലോകത്തിലെ മിന്നലാട്ടങ്ങളിൽ വ്യാപൃതരായിരിക്കുകയാണ്. മറിച്ച് യഥാർത്ഥ വിശ്വാസികൾ, അവർ എല്ലായിപ്പോഴും അല്ലാഹുവിനെ സ്മരിക്കുന്നു. അവർ ഒരിക്കൽ തങ്ങളുടെ രക്ഷകനിലക്ക് മടങ്ങിപ്പോകുന്നവരാണ് എന്ന് വിശ്വസിക്കുകയും, അല്ലാഹു (ത) അവർക്കായി സ്ഥാപിച്ചിട്ടുള്ള അതിർ വരമ്പുകൾ ലംഘിക്കാതെ, അവരുടെ കഴിവിലും അധി

കാരത്തിലുംപെട്ട കാര്യങ്ങളും നിർവ്വഹിക്കുന്നതുമാണ്. ആയതിനാൽ അക്കൂട്ടർ അല്ലാഹു (ത) ഭൂമിയിൽ നടത്തുന്ന എല്ലാ പരീക്ഷണങ്ങളിലും വിജയശ്രീലാളിതരായി തീരുന്നു. മാത്രമല്ല, അല്ലാഹു(ത) അവർക്ക് നൽകിയിട്ടുള്ള എല്ലാ കൽപ്പനകളും ഭൂമിയിൽ പ്രാവർത്തികമാക്കുന്നതിനുള്ള ബദ്ധ ശ്രദ്ധയിലായിരിക്കുന്ന തുമാണ്. അല്ലാഹു (ത) അവർക്ക് നൽകിയിരിക്കുന്ന ഈമാനെ പരിശുദ്ധമായി കണക്കാക്കുകയും മരണം വരെയും മുസ്ലീം എന്ന നിലയിൽ നിലനിർത്തുന്നതുമാണ്. അവർ ഈമാനോടുകൂടി ജീവിക്കുകയും, ആത്മീയ ജീവിതം കരസ്ഥമാക്കുകയും ചെയ്യുന്നു. അതവർക്ക് അനന്ത ജീവിതമായി തീരുകയും അങ്ങനെ അല്ലാഹു വിന്റെ തൃപ്തിയിൽ അവർ പ്രവേശിക്കുന്നതുമാണ്.

അവരാണ് യഥാർത്ഥ വിശ്വാസികളെന്ന് അല്ലാഹു (ത) അന്തിമമായി വിധി പ്രസ്താവിക്കുന്നതാണ്. അവർക്ക് സ്വന്തം നിലയിൽ വിശ്വാസികളാണെന്ന് പറയുവാൻ അവർക്ക് കഴിയില്ല. അവരുടെ വിശ്വാസ ത്തിന്റെ അളവ് എത്രത്തോളമുണ്ടെന്നും അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ എന്ന് അവർക്കറിയാം. ജനങ്ങളുടെ വിശ്വാസം അളക്കുവാനുള്ള അധികാരം അല്ലാഹുവിൽ മാത്രം നിക്ഷിപ്തമാണെന്ന് അവർ മന സ്സിലാക്കുന്നു. എന്നാൽ അല്ലാഹുവിന്റെ മാർഗ്ഗദർശനവും അവന്റെ ദൂതന്റെ നിർദ്ദേശങ്ങളുമനുസരിച്ച് അവ രുടെ വിശ്വാസത്തെ മെച്ചപ്പെടുത്തുന്നത് എങ്ങനെയെന്നുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവർ മനസ്സിലാക്കുന്നു. അങ്ങനെ ദുർബല വിശ്വാസത്തിൽ നിന്ന് ഉറപ്പുള്ള വിശ്വാസത്തിലേക്ക് അവർ എത്തിച്ചേരുന്നു. ഇത്തരം ആളുകൾ ഒരവസ്ഥയിൽ നിന്ന് മറ്റൊരവസ്ഥയിലേക്ക് കയറിപ്പോകുന്നു. അങ്ങനെ അവർ ഒടുവിൽ അല്ലാ ഹുവിന്റെ സന്തോഷത്തിലും തൃപ്തിയിലും എത്തിച്ചേരുന്നു. എന്ത് തന്നെ സംഭവിച്ചാലും അല്ലാഹുവിന്റെ തൃപ്തിക്കായി അവർ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഈ ലോകം തന്നെ അവർക്കെതിരായാലും ശരി, അവരെ സംബന്ധിച്ചിടത്തോളം, അവർ അന്വേഷിക്കുന്നത് അല്ലാഹുവിന്റെ തൃപ്തി മാത്രമാണ്; അവർക്കറിയാം അവ രുടെ വിധി കർത്താവ് അല്ലാഹുമാത്രമാണെന്ന് ! ജനങ്ങല്ലാ അവരുടെ വിധികർത്താവെന്ന് അവർ നല്ല പോലെ മനസ്സിലാക്കുന്നു. ഈ ചിന്ത അവർക്ക് വളരെയധികം സുഖം പകരുന്നതും അവരുടെ ഹൃദയം തര ളിതമായി തീരുകയും, ഹൃദയത്തിന് ശാന്തത ശക്തിപ്പെടുകയും അങ്ങനെ അവരിൽ നിന്നു എല്ലാ ഉത്കണ്ഠകളും നീങ്ങിപ്പോകുന്നതുമാണ്. ഇത്തരം വിശ്വാസികളാണ് ജീവിതത്തിൽ വിജയിക്കുന്നത്. അവ രോടാണ് അല്ലാഹു (ത) വിശുദ്ധ ഖുർആനിലൂടെ താഴെപ്പറയുന്ന വാഗ്ദാനം ചെയ്തിരിക്കുന്നത്. **"നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്ക് മുമ്പുള്ളവരെ ഖലീ ഫമാരാക്കിയതുപോലെ തീർച്ചയായും അവരെയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തി പ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും, അവരുടെ ഭയത്തിന് ശേഷം രക്ഷയും സമാധാ നവും അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്. എന്നോട് മറ്റൊന്നിനേയും അവർ പങ്ക് ചേർക്കുക ഇല്ല. അതിനുശേഷം ആരെ ങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ" (24:56)**

നമ്മെ നല്ലവരായി വിധിക്കുവാൻ നാം അല്ലാഹുവിനോട് പ്രാർത്ഥിക്കേണ്ടതുണ്ട്. അവന്റെ അനു ഗ്രഹവും കാരുണ്യവും ഇല്ലെങ്കിൽ നാം ഒന്നുമല്ല. ദൗർഭാഗ്യവശാൽ ഇവിടെ ചില ആളുകൾക്ക് മറ്റുള്ളവ രുടെ ഈമാൻ സംബന്ധമായി വിധി പ്രസ്താവിക്കുവാനുള്ള അധികാരം നൽകിയിരിക്കുന്നു എന്ന പോലെ പെരുമാറുന്നു. ചരിത്രം ഇവിടെ ഈ നൂറ്റാണ്ടിൽ ആവർത്തിക്കുകയാണ്. അവർ കരുതുന്നു. അവരാണ് ഏറ്റവും നല്ല മുസ്ലീങ്ങളെന്ന് ! കാരണം അവർ എല്ലാ പ്രവാചകന്മാരെയും പരിഷ്ക്കർത്താക്കളെയും അംഗീ കരിക്കുന്നു. മാത്രമല്ല വാഗ്ദത്ത മസീഹ് ഹസ്രത് മിർസാ ഗുലാം അഹ്മദ് (അ) നെയും അംഗീകരിച്ചിരി ക്കുന്നു; എന്നാൽ ദൗർഭാഗ്യവശാൽ, അവരിൽ നിന്നും അല്ലാഹു (ത) മറ്റൊരു മസീഹിനെ ഉയർത്തിയപ്പോൾ,

അവന്റെ വെളിപാടുകൾ അവർക്ക് എത്തിച്ചുകൊടുക്കുവാനും, അവന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് കാണിച്ചുകൊടുക്കുവാനും, അപ്പോൾ അതാ അവർ പരുഷമായി പ്രതികരിക്കുന്നു, ഭൗതിക പദവികളിൽ അവർ തൂങ്ങികിടക്കുന്നു, മാത്രമല്ല ജനങ്ങൾ അവരെ പൂജിക്കുന്നത് തുടർന്നുകൊണ്ടിരിക്കുന്നു.

ഇത്തരം ആളുകൾ, നേതാക്കൻമാർ അവർ ദൈവദൂതന്മാരെ പോലെ വർത്തിക്കുന്നു. അവർക്ക് അല്ലാഹുവിൽ നിന്നുള്ള ഒരു നിർദ്ദേശവും ലഭിക്കുന്നില്ല; മറ്റു പ്രവാചകന്മാർ പ്രഘോഷിച്ചതുപോലെ പ്രഘോഷിക്കുവാൻ ! അവരെ അല്ലാഹു നിയോഗിച്ചതാണ് എന്നവർ അവകാശപ്പെടുന്നതുമില്ല. ജനങ്ങളാണ് അവരെ തെരഞ്ഞെടുത്തത്! അപ്പോൾ ജനങ്ങൾ ചിന്തിക്കേണ്ടേ ? ജനങ്ങളുടെ ശബ്ദം / അമീറിന്റെ ശബ്ദം/ ആമില കമ്മിറ്റിയുടെ ശബ്ദം ദൈവത്തിന്റെ ശബ്ദമാണോ എന്ന് ? അവർക്ക് ലഭിച്ച ഭൗതിക അധികാരവും അധികാര കേന്ദ്രവും അവരെ അന്ധരാക്കി തീർത്തിരിക്കുന്നു. ജനം തങ്ങളോടൊപ്പമുണ്ടെങ്കിൽ, വിഷമിക്കേണ്ട കാര്യമൊന്നുമില്ലെന്ന് അവർ കരുതുന്നു. അവർ കരുതുന്നു അവർ സുരക്ഷിതരാണെന്ന്! എന്നാൽ നിശ്ചയമായും അല്ലാഹു (ത) ഇതിലൂടെ പരീക്ഷിക്കുകയാണ്. ഇത്തരം ആളുകൾ/ നേതാക്കൻമാർ ജനങ്ങൾക്ക് തെറ്റായ വഴിയാണ് കാണിച്ചുകൊടുക്കുന്നത് ; സത്യത്തെ അവർ മറച്ചു വയ്ക്കുവാൻ ശ്രമിക്കുകയാണ് – സത്യമായ ദൈവീക അദ്ധ്യാപനങ്ങളെ– അവരിൽ നിന്ന് സത്യമായ അദ്ധ്യാപനങ്ങളെ മറച്ചു വയ്ക്കുന്ന ഇത്തരം കുറ്റവാളികളായ നേതാക്കൻമാർക്ക് അല്ലാഹുവിന്റെ മുൻപിൽ കഠിന ശിക്ഷ നേരിടേണ്ടി വരുന്നതാണ്. അവർ ശിക്ഷ അനുഭവിക്കേണ്ടി വരുന്നത്. പരലോകത്ത് മാത്രമല്ല, ഈ ലോകത്തും അനുഭവിക്കേണ്ടി വരും. അല്ലാഹുവിന്റെ യഥാർത്ഥ ദൂതൻ വ്യക്തമായ ദൈവീക ദൃഷ്ടാന്തവുമായി അവരുടെ മുൻപിൽ നിൽക്കുന്നു. അല്ലാഹു നിയോഗിച്ച ദൂതൻ ആരാണെന്ന് ജനങ്ങൾക്ക് സംശയമുണ്ടാകത്ത നിലയിൽ ; അല്ലാഹു നിയോഗിച്ച ദൂതൻ ; റൂഹുൽ ഖുദ്സിന്റെ പിൻബലത്തോടെ നിൽക്കുന്ന അല്ലാഹുവിന്റെ ദൂതനെ സ്വീകരിക്കണമോ, അതോ ജനങ്ങൾ തെരഞ്ഞെടുത്ത, അജ്ഞാത സത്യങ്ങൾ അറിയാൻ കഴിവില്ലാത്ത (അല്ലാഹുവിന്റെ പ്രതിനിധികൾക്ക് മാത്രമേ അത് വെളിപ്പെടുത്തുകയുള്ളൂ) ഒരാളെ പിന്തുടരേണമോ ?

അവന്റെ സന്മാർഗ്ഗദർശനം ദാഹിക്കുന്നവരുടെ ഹൃദയങ്ങളെ അല്ലാഹു (ത) തുറക്കട്ടെ ! സത്യം സ്വീകരിക്കുവാൻ അവരെ പ്രാപ്തമാക്കട്ടെ! അവർ അതിന് സാക്ഷികളായി തീരട്ടെ ! സത്യം വിജയിക്കുക തന്നെ ചെയ്യും! കപട വിശ്വാസികളും, ഹൃദയ രോഗികളും, ജനങ്ങളെ വഴിതെറ്റിക്കുന്നവരും അതിഷ്ടപ്പെടുന്നില്ലെങ്കിൽ പോലും ! ഇൻശാ അല്ലാഹ് ആമീൻ!

**Translated & Issued By**

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

****************